# പ്രേഷിത ഞായർ
# ഒക്ടോബർ 26, 2014

*Prot. No.07/2014/Cir.*

വന്ദ്യ വൈദികരെ, സന്ന്യസ്തരെ, വത്സല മക്കളെ,

പ്രേഷിതപ്രവർത്തനം സഭാജീവിതത്തിന്റെ അടിസ്ഥാനസ്വഭാവമാണ്. “നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ” (മാർക്കോസ് 16, 15) എന്ന വചനത്തിന്റെ സത്ത ഉൾക്കൊണ്ട് സ്നേഹത്താൽ പ്രേരിതരായി സ്വന്തമെന്നു കരുതുന്നവ മറ്റുള്ളവരുമായി നമ്മൾ പങ്കുവയ്ക്കണം. വിശ്വാസത്തിലേക്ക് വന്നിട്ടില്ലാത്ത സഹോദരങ്ങളുമായി നമ്മുടെ വിശ്വാസം പങ്കുവയ്ക്കണം. വിശ്വാസത്തിൽ പിന്നോക്കം പോകുന്നവരെ മടക്കിക്കൊണ്ടുവന്ന് അവരെ ശക്തരാക്കണം; ദൈവം എല്ലാവരുടെയും രക്ഷ കാംക്ഷിക്കുന്ന സ്നേഹപിതാവെന്ന് ബോധ്യപ്പെടുത്തണം. യേശുവിൽ എല്ലാവരും സഹോദരരാണെന്നുള്ള ക്രിസ്തു അനുഭവത്തിൽ വളരാൻ സഹായിക്കണം.

വളരെയധികം മനുഷ്യർ ഇന്നും രക്ഷയുടെ സദ്വാർത്തയിൽ നിന്നും ഏറെ വിദൂരത്താണ്. നമ്മുടെ ചുറ്റുപാടുമുള്ള സഹോദരങ്ങൾ ഇന്നും യേശുവിനെ അറിയുന്നില്ലെങ്കിൽ അതിന്റെ ധാർമ്മിക ഉത്തരവാദിത്വം നമ്മുടേതാണ്. “ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം”. (1കോറി. 9, 16) എന്നു വിലപിക്കുന്ന വിജാതീയരുടെ അപ്പോസ്തലനായ പൗലോസിന്റെ തീക്ഷ്ണത നമുക്കുണ്ടാകണം.

വൈദിക ജീവിതത്തിലേക്കും സമർപ്പണ ജീവിതത്തിലേക്കുമുള്ള ദൈവവിളിയുടെ അഭാവം ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്ന് അനുഭവപ്പെടുന്നു. പകർച്ചവ്യാധിപോലെ എല്ലാ ക്രിസ്തീയ സമൂഹങ്ങളെയും ഇത് ബാധിച്ചിരിക്കുന്നു. പ്രേഷിത തീക്ഷ്ണതയുടെ കുറവാണ് ഇതിന് കാരണം. വിശ്വാസ സമൂഹങ്ങളിൽ ആവേശം കുറയുന്നു. മറ്റുള്ളവരെ ദൈവരാജ്യത്തിലേയ്ക്ക് ആകർഷിക്കാൻ പരാജയപ്പെടുന്നു. സുവിശേഷത്തിന്റെ സന്തോഷം നമുക്കു ലഭിക്കുന്നത് ദൈവവുമായിട്ടുള്ള വ്യക്തിപരമായ ബന്ധം വഴിയും പാവപ്പെട്ടവരുമായുള്ള പങ്കുവയ്ക്കലിൽ നിന്നുമാണ്. അതുകൊണ്ടാണ് ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്യുന്നത്: ഇടവക സമൂഹങ്ങളും പ്രസ്ഥാനങ്ങളും സംഘടനകളും യേശുവിനോടുള്ള സ്നേഹത്തിൽ അധിഷ്ഠിതമായി സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ടവരുടെ ജീവിത ആവശ്യങ്ങളിൽ സഹായിക്കുവാൻ തൽപ്പരായിരിക്കണം. എവിടെ സന്തോഷവും ആവേശവും മറ്റുള്ളവരിലേയ്ക്ക് ക്രിസ്തുവിനെ എത്തിക്കുവാനുള്ള താത്പ്പര്യവുമുണ്ടോ അവിടെ യഥാർത്ഥമായ ദൈവവിളി ഉണ്ടാകും. പ്രേഷിതപ്രവർത്തനത്തിനുള്ള അല്മായരുടെ ദൈവവിളി ഒരിക്കലും സഭ നിസ്സാരമായി കാണുന്നില്ല. എല്ലാക്കാലങ്ങളിലും അല്മായ സഹോദരങ്ങളുടെ പ്രേഷിത പ്രവർത്തനങ്ങളെ സഭ അഭിമാനപൂർവ്വമാണ് വീക്ഷിക്കുന്നത്. സുവിശേഷം പ്രചരിപ്പിക്കുന്നതിൽ വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ് അല്മായർക്ക് ലഭിച്ചിരിക്കുന്നതെന്ന യാഥാർത്ഥ്യം സഭ എന്നും അംഗീകരിക്കുന്നു.

പ്രേഷിത ഞായർ ആഘോഷിക്കുന്ന അവസരത്തിൽ കെ.ആർ.എൽ.സി.സി. വിഭാവനം ചെയ്യുന്ന കേരളാതല കൺവെൻഷനും മിഷൻ കോൺഗ്രസ്സും നിങ്ങളുടെ പ്രാർത്ഥനയ്ക്കുള്ള വിഷയങ്ങളായി സമർപ്പിക്കുന്നു. സഭ സ്വഭാവത്തിൽ തന്നെ പ്രേഷിതയാകയാൽ എല്ലാവരെയും പ്രേഷിത ചൈതന്യമുള്ളവരാക്കുക എന്ന ലക്ഷ്യത്തോടെയാണ് മിഷൻ കോൺഗ്രസ്സ് സംഘടിപ്പിക്കുന്നത്. ക്രിസ്തുവിനെയും രക്ഷാകര രഹസ്യത്തെയും കുറിച്ച് അറിയാത്തവരുടെ ഇടയിൽ സുവിശേഷം പ്രസംഗിക്കുവാനും ക്രിസ്തുവിന് സാക്ഷ്യം വഹിക്കുവാനും ധാരാളം പ്രേഷിത പ്രവർത്തകരെ നാം കണ്ടെത്തണം. അതിനായി ഓരോ ബി.സി.സി. യൂണിറ്റും പ്രേഷിത വിഷയങ്ങൾ ചർച്ച ചെയ്യണം. മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിക്കണം. ഉപവസിച്ച് ആ സമ്പത്ത് പ്രേഷിതർക്ക് മാറ്റിവയ്ക്കണം. അങ്ങനെ സാർവ്വത്രിക സഭയുടെ മിഷൻ പ്രവർത്തനങ്ങളിൽ എല്ലാവരും പങ്കുകാരാകണം.

ആഗോളസഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടി നമ്മുടെ രൂപതയിൽ നിന്നും 24,87,853/- രൂപ സമാഹരിച്ചു റോമിലേക്ക് അയച്ചിട്ടുണ്ട്. ഇതിനായി ആത്മാർത്ഥമായി പ്രവർത്തിച്ച എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി. കൂടുതൽ പ്രേഷിത തീക്ഷ്ണതയോടെ ഈ വർഷവും ഒക്ടോബർ 26-ാം തീയതി എല്ലാവരും ഇതിനോട് സഹകരിക്കുമെന്ന് പ്രത്യാശിക്കുന്നു. സമാഹരിക്കുന്ന തുക നവംബർ 30-ന് മുമ്പായി അരമനയിലെ സാമ്പത്തികകാര്യ ഓഫീസിലോ രൂപതാ ഡയറക്ടറുടെ പക്കലോ എത്തിക്കുക.

ഏവർക്കും മിഷൻദിനാശംസകൾ നേർന്നുകൊണ്ട്,

പൈതൃകാശിസ്സുകളോടെ,

ഈശോ മറിയത്തിൽ,

13-10-2014

✠ **സ്റ്റാൻലി റോമൻ**
**കൊല്ലം മെത്രാൻ**

***NB:*** *ഈ ഇടയലേഖനം 2014 ഒക്ടോബർ 19-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിച്ച് വിശദീകരിക്കേണ്ടതാണ്.*